ഓപ്പറേഷൻ ഗ്രാമ

23(*112) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. കെ. ബഷീർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പ് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ "ഓപ്പറേഷൻ ഗ്രാമ"യിലെ കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജനോപകാരക്ഷേമവും അഴിമതി മുക്തവുമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം നിശ്ചയിക്കാനും നടപടിക്രമങ്ങൾ ലളിതമാക്കിയും നവസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): (എ&ബി) 'ഓപ്പറേഷൻ ഗ്രാമ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ വിവിധ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ മിന്നൽ പരിശോധനകളുടെ റിപ്പോർട്ട് ഇപ്പോൾ വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്. വിജിലൻസ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ മാത്രമേ ആയതിന്മേൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം കുറയ്ക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനുമായി ഇന്റർനെറ്റ് പോലുള്ള നവ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അക്ഷയ കേന്ദ്രങ്ങൾ വഴി സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 'ഇ-ഡിസ്ട്രിക്ട്' പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഏതു സമയത്തും എവിടെനിന്നും വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സമർപ്പിക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുന്ന ഈ സംവിധാനത്തിന് വർദ്ധിച്ച ബഹുജന പിന്തുണ ലഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഓൺലൈനായിത്തന്നെ ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽവരുന്നതാണ്. വില്ലേജ് ഓഫീസിൽനിന്നും സർക്കാരിലേക്ക് ലഭിക്കേണ്ട റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകളിലെ ജോലിഭാരം ഒരു പരിധിവരെ കുറയ്ക്കുന്നതിനും മേൽപ്പറഞ്ഞ സംവിധാനങ്ങൾ സഹായകമാണ്.

സ്മാർട്ട് ചിൽഡ്രൻ പദ്ധതി

24(*113) ശ്രീ. വർക്കല കഹാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്മാർട്ട് ചിൽഡ്രൻ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി) ഓരോ വിദ്യാർത്ഥിയും അതാത് ക്ലാസ്സുകളിൽനിന്നും ആർജ്ജിക്കേണ്ടതായ മിനിമം ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കായുള്ള പദ്ധതിയാണ് സ്മാർട്ട് ചിൽഡ്രൻ പദ്ധതി.

(സി) പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും അടിസ്ഥാനമാക്കി അദ്ധ്യാപകർക്ക് മികച്ച പരിശീലനം, ക്ലാസ് പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് സംവിധാനം, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് അദ്ധ്യാപകർക്കും കുട്ടികൾക്കും മികച്ച രീതിയിലുള്ള പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly